# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2605 — 09.07.15 ൽ - മറുപടിക്ക്

## കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലേക്ക് പഞ്ചസാര

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി.ഡി. ദേവസ്സി: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് നേരത്തെ അനുവദിച്ചിരുന്ന പഞ്ചസാര, 2013 ഡിസംബർ മുതൽ ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കൊരട്ടി ഗവൺമെന്റ് ത്വക്ക് രോഗാശുപത്രിക്ക് 172/97 നമ്പർ എ.പി.എൽ. പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത്. സർക്കാരിന്റെ 03.05.14 ലെ 3132/ഡി1/14/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം പ്രസ്തുത ആശുപത്രിയിലെ ഓരോ അന്തേവാസിക്കും പ്രതിദിനം 280 ഗ്രാം അരി, 50 ഗ്രാം ഗോതമ്പ് എന്നിവ എ.പി.എൽ നിരക്കിൽ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. എ.പി.എൽ. പെർമിറ്റുകാർക്ക് പഞ്ചസാര അനുവദിക്കുന്നില്ല. ഓർഫനേജ് കൺട്രോൾ ബോർഡിന്റേയും സാമൂഹ്യക്ഷേമ വകുപ്പിന്റേയും അംഗീകാരമുള്ള സ്ഥാപനങ്ങൾക്കാണ് ബി.പി.എൽ. പെർമിറ്റും അതിനനുസരിച്ചുള്ള പഞ്ചസാരയും നൽകുന്നത്. |
| (ബി) | മറ്റ് ത്വക്ക് രോഗാശുപത്രികളിലെ അന്തേവാസികൾക്ക് പഞ്ചസാര നൽകുമ്പോൾ കൊരട്ടി ഗാന്ധിഗ്രാമിലെ അന്തേവാസികൾക്ക് മാത്രം നിഷേധിക്കുന്നു എന്നതു സംബന്ധിച്ച പേഷ്യന്റ്സ് സൊസൈറ്റിയുടെ പരാതി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) | പേഷ്യന്റ്സ് സൊസൈറ്റിയിൽ നിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് പഞ്ചസാര ലഭ്യമാക്കുന്നതിന് വേണ്ടി നിലവിലെ എ.പി.എൽ. റേഷൻ പെർമിറ്റ് ബി.പി.എൽ. റേഷൻ പെർമിറ്റ് ആയി മാറ്റുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ